# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/197/2016 പത്രക്കുറിപ്പ് 2016 സെപ്തംബർ 08

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് (2013 മുതലുള്ള അഡ്മിഷൻ – റീഅപ്പിയറൻസ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 5ന് ആരംഭിക്കും. അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർഗ്രാജ്വേറ്റ് മേഴ്സി ചാൻസ് (2009, 2010 അഡ്മിഷൻ) പരീക്ഷകൾ ഒക്ടോബർ 4ന് ആരംഭിക്കും.

2014 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾ മൂന്നാം സെമസ്റ്റർ പരീക്ഷകൾക്ക് കോളജുകളിൽ നിന്നും ഓൺലൈനായി രജിസ്റ്റർ ചെയ്യണം. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 19 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും. അപേക്ഷാ ഫോമിന് 20 രൂപയും, സി.വി ക്യാമ്പ് ഫീസായി ഓരോ പേപ്പറിനും 20 രൂപ വീതം (പരമാവധി 100 രൂപ) അപേക്ഷകർ അടയ്ക്കണം. ആദ്യതവണ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ 5000 രൂപയും, രണ്ടാം തവണ അപേക്ഷിക്കുന്നവർ 7000 രൂപയും സ്പെഷ്യൽ ഫീസായി അടയ്ക്കണം.

2013 അഡ്മിഷന് മുൻപുള്ള മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകൾക്കുള്ള അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 19 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും. പരീക്ഷാ തീയതി പിന്നീട്.

## പ്രാക്ടിക്കൽ പരീക്ഷ

മൂന്നാം സെമസ്റ്റർ ബി.എഡ് (സി.ബി.സി.എസ്.എസ്) ഒക്ടോബർ 2016 പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 14 മുതൽ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും.

## പരീക്ഷാ ഫലം

2015 ഒക്ടോബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ, ബി.എസ്.സി, ബി.കോം (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്തംബർ 30 വരെ സ്വീകരിക്കും.

## രണ്ടാം സെമസ്റ്റർ പി.ജി ഇന്റേണൽ മാർക്ക്

രണ്ടാം സെമസ്റ്റർ പി.ജി വിദ്യാർത്ഥികളുടെ ഇന്റേണൽ മാർക്കുകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി സെപ്തംബർ 19ന് വൈകിട്ട് അഞ്ച് മണി വരെ ദീർഘിപ്പിച്ചിരിക്കുന്നു.

## മൂന്നാം സെമസ്റ്റർ യു.ജി വിദ്യാർത്ഥി വിവരങ്ങൾ 19നകം അപ് ലോഡ് ചെയ്യണം

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് (റഗുലർ – 2015 അഡ്മിഷൻ) വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുവാനുള്ള സമയം സെപ്തംബർ 19ന് 5 മണി വരെയായി പുനർക്രമീകരിച്ചിരിക്കുന്നു. ഫീസ് അടയ്ക്കുവാനുള്ള തീയ്യതികൾക്ക് മാറ്റമില്ല.

## എം.ജി ലൈബ്രറി അവധി

ഓണാവധി പ്രമാണിച്ച് എം.ജി സർവ്വകലാശാലാ ലൈബ്രറിയ്ക്ക് സെപ്തംബർ 10 മുതൽ 18 വരെ അവധിയായിരിക്കും. എന്നാൽ സെപ്തംബർ 17ന് രാവിലെ 10.15 മുതൽ 4.45 വരെ സർവ്വകലാശാലാ ലൈബ്രറി തുറന്നു പ്രവർത്തിക്കുന്നതാണ്.

## ഓഫ് കാമ്പസ് ഫീസ് വിതരണം

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ 2015 ഓൺലൈൻ രജിസ്ട്രേഷൻ ഇനത്തിൽ ഓഫ് കാമ്പസ് സെന്ററുകൾക്ക് ലഭിക്കാനുള്ള ഫീസ് വിഹിതം വിതരണത്തിന് തയ്യാറായിരിക്കുന്നു. അതതു സെന്ററുകൾക്കു ലഭിച്ച ഇമെയിൽ സന്ദേശപ്രകാരം സെപ്തംബർ 30ന് മുൻപ് അവ കൈപ്പറ്റേണ്ടതാണ്.

## ഓണം അവധി ഇന്ന് മുതൽ

എം.ജി സർവ്വകലാശാലയിലെ വിവിധ പഠന വിഭാഗങ്ങളും അഫിലിയേറ്റഡ് കോളജുകളും ഓണം അവധിയ്ക്കായി ഇന്ന് (സെപ്തംബർ 9) വൈകുന്നേരം അടയ്ക്കുന്നതും സെപ്തംബർ 19ന് തുറന്നു പ്രവർത്തിക്കുന്നതുമാണ്.

## ഏകദിന ശില്പശാല

എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ (ഐ.യു.സി.ഡി.എസ്) ആഭിമുഖ്യത്തിൽ മാസ്സീവ് ഓൺലൈൻ ഓപ്പൺ കോഴ്സ് സംബന്ധിച്ച് ഏകദിന ശില്പശാല സെപ്തംബർ 22ന് (വ്യാഴാഴ്ച) ഐ.യു.സി.ഡി.എസ്-ൽ നടത്തും. പ്രസ്തുത ശില്പശാലയിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൽക്കും പങ്കെടുക്കാം. പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ഫീസ് 200 രൂപ. ഫോൺ: 0481-2731580, 9846735917, 9495213248. വിലാസം: ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ബിൽഡിംഗ്, എം.ജി സർവ്വകലാശാല, പി.ഡി.ഹിൽസ് പി.ഒ., കോട്ടയം.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)